# പതിനാലാം കേരള നിയമസഭ

## (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6060 04/11/2016-ൽ മറുപടിയ്ക്ക്**

### വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിഷേധിക്കുന്നതിനെതിരെ നടപടി

| ചോദ്യം<br>ശ്രീ.എം. വിൻസെന്റ് | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) കേരളത്തിലെ മത്സ്യമേഖല വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സംബന്ധിച്ച 47/2014/മ.ത്തു.വ. ഉത്തരവിൽ പ്രതിപാദിക്കുന്ന പ്രകാരം മത്സ്യമേഖലാ വിദ്യാർത്ഥികളിൽനിന്നും അഡ്മിഷൻ സമയത്തും തുടർ പഠനകാലയളവിലും യാതൊരുവിധ ഫീസും ഈടാക്കുവാൻ പാടില്ല എന്ന സർക്കാർ നിർദ്ദേശം സ്വാശ്രയ കോളേജുകളുൾപ്പെടെയുള്ള മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളും പാലിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; 47/2014/മ.ത്തു.വ. ഉത്തരവ് കേരളത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഭിച്ചുവെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി ഉത്തരവിൽ നിഷ്കർഷിക്കുന്നപോലെ, എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും മത്സ്യത്തൊഴിലാളി വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കാതിരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. 47/2014/മതുവ ഉത്തരവ് വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ട്. |
| ബി) 47/2014/മ.ത്തു.വ. ഉത്തരവിൽ പറയുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളെക്കുറിച്ചുള്ള ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ അജ്ഞതയുടെ ഫലമായി കേരളത്തിലെ വിവിധ കോഴ്സുകളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിഷേധിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | ബി) 47/2014/മ.തു.വ ഉത്തരവ് പ്രകാരം എല്ലാ ജില്ലകളിലും വിദ്യാഭ്യാസാനുകൂല്യം നൽകി വരുന്നുണ്ട്. ഇതിൽ ഉദ്യോഗസ്ഥർക്കുണ്ടാകുന്ന സംശയങ്ങൾ ഡയറക്ടറേറ്റ് തലത്തിലും അതിന് ഉപരിയായുള്ളവ ഗവൺമെന്റ് തലത്തിലും തീർപ്പാക്കാറുണ്ട്. |

സെക്ഷൻ ആഫീസർ